പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.1072

10.06.2019 -ലെ മറുപടിയ്ക്ക്

## തൊഴിൽ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് തസ്തിക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തൊഴിൽ വകുപ്പിന് കീഴിലുള്ള ഓരോ കമ്പനി/ബോർഡ്/കോർപ്പറേഷനിലും ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നാളിതുവരെയുള്ള ഒഴിവുകളുടെ എണ്ണം എത്ര; അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതെ അവശേഷിക്കുന്നുണ്ട്; സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | എ) വിശദവിവരങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു. |
| ബി) ഓരോ സ്ഥാപനത്തിലും 31.12.2019 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ എത്രയാണ്; പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | ബി) വിശദവിവരങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു. |
| സി) ഓരോ സ്ഥാപനത്തിലും ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്രപേർ കരാർ/ദിവസവേതന വ്യവസ്ഥയിൽ ജോലി നോക്കുന്നുണ്ട്; സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | സി) വിശദവിവരങ്ങൾ അനുബന്ധം-III ആയി ചേർക്കുന്നു. |
| ഡി) തൊഴിൽ വകുപ്പിന് കീഴിലുള്ള എല്ലാ കമ്പനി/ബോർഡ്/കോർപ്പറേഷനിലെയും ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിന് തയ്യാറാകാത്ത സ്ഥാപനമേധാവികളുടെ മേൽ കർശന നടപടി സ്വീകരിക്കുമോ? | ഡി) സ്പെഷ്യൽ റൂൾ രൂപീകരിക്കുന്ന മുറയ്ക്ക് ബോർഡുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-I

| ക്ര. നം | ബോർഡുകളുടെ പേര് | ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്പെഷ്യൽ റൂൾ നിലവിലില്ല. സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷം ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. നിലവിൽ അന്യത്ര സേവന വ്യവസ്ഥയിലാണ് ജീവനക്കാരെ നിയമിക്കുന്നത്. |
| 2 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കള്ള് വ്യവസായ ക്ഷേമനിധി ബോർഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നാളിതുവരെ 13 ഒഴിവുകൾ ഉണ്ട്. ഇതിൽ 12 ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 1 ഒഴിവ് ആശ്രിത നിയമത്തിനായി മാറ്റി വച്ചിട്ടുള്ളതിനാൽ ആയത് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |
| 3 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ സ്പെഷ്യൽ റൂൾസ് നിലവിൽ ഇല്ലാത്തതിനാലും നിയമങ്ങൾ പി.എസ്.സി വഴി നടത്തുന്നതിന് സർക്കാർ ഉത്തരവില്ലാത്തതിനാലും നിയമങ്ങൾ പി.എസ്.സി മുഖേനയല്ല നടത്തുന്നത്. അന്യത്ര സേവന വ്യവസ്ഥയിലാണ് ജീവനക്കാരെ നിയമിച്ചു വരുന്നത്. |
| 4 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 3 ലാസ്റ്റ് ഗ്രേഡ് തസ്തികകൾ നിലവിലുണ്ട്. എന്നാൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |
| 5 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിലെ സർക്കാർ അംഗീകാരമുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ (പ്യൂൺ) എണ്ണം 6 ആണ്. നിലവിൽ 4 പേർ മുഖ്യ കാര്യാലയത്തിലും ജില്ലാ കാര്യാലയത്തിലുമായി സേവനം അനുഷ്ഠിച്ചുവരുന്നുണ്ട്. ശേഷിക്കുന്ന 2 ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും നിലവിൽ റാങ്ക് ലിസ്റ്റ് ഇല്ലാത്തതിനാൽ പി.എസ്.സി.യിൽ നിന്നും നിയമന ശുപാർശ ലഭിച്ചിട്ടില്ല. |
| 6 | കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | ഈ ബോർഡിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ നിയമനങ്ങൾ പി.എസ്.സി വഴി അല്ല നടത്തുന്നത്. ഒഴിവുകൾ പി.എസ്.സി -ക്ക് |

| | | |
|---|---|---|
| | | റിപ്പോർട്ട് ചെയ്തിട്ടില്ല. നിലവിലുള്ള രണ്ട് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ ദിവസവേതന ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്. |
| 7 | കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | നിലവിൽ ബോർഡിൽ അനുവദിക്കപ്പെട്ടിട്ടുള്ള 13 ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 05 പേർ ദിവസവേതനവ്യവസ്ഥയിൽ ജോലി ചെയ്യുന്നു. |
| 8 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ സാമ്പത്തിക പ്രതിസന്ധി കാരണം ഇതുവരെ സർവ്വീസ് റഗുലറൈസേഷൻ. സ്പെഷ്യൽ റൂൾ എന്നിവ അംഗീകരിക്കുകയോ, ഇതു സംബന്ധിച്ച് സർക്കാർ വിജ്ഞാപനം ചെയ്യുകയോ ഉണ്ടായിട്ടില്ല. അതുകൊണ്ട് തന്നെ ബോർഡിൽ പി.എസ്.സി വഴി നിയമനം ആരംഭിച്ചിട്ടില്ല. |
| 9 | കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | ഒഴിവില്ല |
| 10 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്. | തൊഴിലും നൈപുണ്യവും (ജെ) വകുപ്പിന്റെ 03.07.1990 തീയതിയിലെ ജി.ഒ.(ആർ.ടി) നം. 1786/91/തൊഴിൽ ഉത്തരവ് പ്രകാരം ബോർഡിന്റെ ചീഫ് ഓഫീസിൽ ലാസ്റ്റ് ഗ്രേഡിന്റെ മൂന്ന് തസ്തികകളും 14 ജില്ലാ ഓഫീസുകളിൽ ഒന്ന് വീതം 14 ലാസ്റ്റ് ഗ്രേഡ് തസ്തികകളും അനുവദിച്ചിട്ടുണ്ട്. ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ( റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ് ( കേരള റൂൾസ് 1998 ചട്ടം 279(2) ന്റെ (i) (ii) പ്രകാരം ബോർഡിന്റെ എല്ലാ തസ്തികകളിലേക്കും മറ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തുന്നത്. സ്പെഷ്യൽ റൂൾസ് നിലവിൽ ഇല്ലാത്തതിനാൽ ബോർഡിന്റെ നിയമനങ്ങൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ സാധ്യമല്ല. ആയതിനാൽ ലാസ്റ്റ് ഗ്രേഡ് ഒഴിവുകൾ പി. എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |
| 11 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിലവിൽ 5 ഒഴിവുകളാണുള്ളത്. ടി തസ്തികയിൽ നാളിതുവരെയുള്ള എല്ലാ ഒഴിവുകളും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 12 | കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | ഒഴിവുകളുടെ എണ്ണം 31, എല്ലാ ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| 13 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | ബോർഡിൽ നാളിതുവരെ ലാസ്റ്റ് ഗ്രേഡ് തസ്തിക ചട്ടപ്രകാരം സൃഷ്ടിച്ചിട്ടില്ല. |
| 14 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ നാളിതുവരെയായി സ്പെഷ്യൽ റൂൾ നടപ്പാക്കിയിട്ടില്ല. ആയതിനാൽ ഈ ബോർഡിന് കീഴിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ദിവസവേതന വ്യവസ്ഥയിലുമാണ് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയമിക്കുന്നത്. |
| 15 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസിലും 14 ഡിവിഷണൽ ഓഫീസുകളിലുമായി 16 ലാസ്റ്റ് ഗ്രേഡ് തസ്തികകളാണ് നിലവിലുള്ളത്. ആയതിൽ 3 ബോർഡ് സ്റ്റാഫുകളും 13 തസ്തികകളിലായി ദിവസവേതനം, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാർ ജോലി ചെയ്തു വരുന്നു. ബോർഡിന്റെ സ്പെഷ്യൽ റൂൾസിന് സർക്കാർ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഒഴിവുകൾ പി.എസ്,.സി യ്ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. |
| 16 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 15 ലാസ്റ്റ് ഗ്രേഡ് തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ബോർഡിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. നിലവിൽ അന്യത്ര സേവന നിയമപ്രകാരം സർക്കാരാണ് നിയമനം നടത്തുന്നത് |

സെക്ഷൻ ഓഫീസർ

അനുബന്ധം -II

| | | |
|---|---|---|
| 1 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | ബാധകമല്ല |
| 2 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | 31.12.2019 വരെ ടി തസ്തികയിൽ പ്രതീക്ഷിക്കുന്ന ഒഴിവുകൾ ഇല്ല. |
| 3 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| 4 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |
| 5 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള വെൽഫെയർ ബോർഡ് 31.12.2019 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഒഴിവുകൾ ഒന്നും തന്നെ ആവിർഭവിക്കുന്നില്ല. 2019 കലണ്ടർ വർഷത്തിൽ ബോർഡിലെ സർക്കാർ അംഗീകാരമുള്ള തസ്തികയിൽ ഒന്നിലും തന്നെ ഒഴിവുകൾ ആവിർഭവിക്കുന്നില്ല. മേൽ വിവരം യഥാസമയം പി.എസ്.സി.യെയും സർക്കാരിനെയും കത്തിലൂടെ അറിയിച്ചിട്ടുണ്ട്. |
| 6 | കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | ഈ ബോർഡിൽ സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ നിയമനങ്ങൾ പി.എസ്.സി വഴി അല്ല നടത്തുന്നത്. ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. നിലവിലുള്ള രണ്ട് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ ദിവസവേതന ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളത്. |
| 7 | കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | ബാധകമല്ല |
| 8 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 3 |
| 9 | കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | ബാധകമല്ല |
| 10 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്. | ചോദ്യം നമ്പർ. (എ)യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ (ബി) യ്ക്കുള്ള മറുപടി ബാധകമല്ല |

| | | |
|---|---|---|
| 11 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 31.12.2019 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഒഴിവുകളൊന്നും പ്രതീക്ഷിക്കുന്നില്ല. |
| 12 | കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 2019 വർഷം വിരമിക്കൽ മൂലമുണ്ടാകുന്ന 3 ഒഴിവുകൾ 2019 വർഷത്തെ പ്രതീക്ഷിത ഒഴിവുകളായി മുൻകൂട്ടി 14.11.2018 -ൽ പി.എസ്.സി -യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 13 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | ബാധകമല്ല |
| 14 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | ബാധകമല്ല |
| 15 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | 31.12.2019 വരെ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഒഴിവുകളൊന്നും നിലനിൽക്കുന്നില്ല. |
| 16 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന് സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്തതിനാൽ ഒഴിവുകൾ പി.എസ്.സി -യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം -III

| | | |
|---|---|---|
| 1 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് | മൂന്ന് പേർ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ദിവസ വേതന വ്യവസ്ഥയിൽ ജോലി നോക്കുന്നു. |
| 2 | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 8 പേരും ദിവസവേതനാടിസ്ഥാനത്തിൽ 5 പേരും ജോലി ചെയ്യുന്നുണ്ട്. |
| 3 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ വിവിധ ഓഫീസുകളിൽ താഴെപറയുന്ന ദിവസവേതന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.<br>ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം -2<br>ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം തിരുവനന്തപുരം - 1, കൊല്ലം -1, ഇടുക്കി -1, കോട്ടയം -1, എറണാകുളം -1, തൃശ്ശൂർ -1, മലപ്പുറം -1, കോഴിക്കോട് -1, കണ്ണൂർ -1. |
| 4 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഒരു ജീവനക്കാരൻ ദിവസവേതന അടിസ്ഥാനത്തിൽ ജോലി നോക്കിവരുന്നു. |
| 5 | കേരള തൊഴിലാളി ക്ഷേമനിധി ബോർഡ് | സർക്കാർ അംഗീകൃത തസ്തികകൾ 6 എണ്ണം മാത്രമാണ്. നിലവിൽ 4 പേർ സേവനം അനുഷ്ഠിച്ചുവരുന്നുണ്ട്. ശേഷിക്കുന്ന 2 ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ഒഴിവുകളിൽ നിലവിൽ ദിവസ വേതന ജീവനക്കാർ ആണ് സേവനം അനുഷ്ഠിച്ചുവരുന്നത്. സർക്കാർ അംഗീകാരമുള്ള ലാസ്റ്റ് ഗ്രേഡ് തസ്തിക ഇല്ലാത്ത ജില്ലാ കാര്യാലയങ്ങളിലും ബോർഡിന്റെ മുഖ്യ കാര്യാലയത്തിലുമായി 8 പേർ പ്യൂണിന്റെ ജോലി ചെയ്തു വരുന്നുണ്ട്. ജീവനക്കാരുടെ സേവനം വളരെ ആവശ്യമായി തോന്നിയ ഘട്ടത്തിലാണ് ടി ജീവനക്കാരെ നിയോഗിച്ചിട്ടുള്ളത്. |
| 6 | കേരള ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | ഈ കാര്യാലയത്തിൽ രണ്ട് പേരാണ് ദിവസവേതന വ്യവസ്ഥയിൽ ജോലി നോക്കുന്നത്. |
| 7 | കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ് | ബോർഡിൽ ദിവസവേതന വ്യവസ്ഥയിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 5 പേർ ജോലി ചെയ്യുന്നുണ്ട്. |

| | | |
|---|---|---|
| 8 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | ഒരാൾ |
| 9 | കേരള ബീഡി - ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | ഒരാൾ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു. |
| 10 | കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്. | അത്യാവശ്യ സന്ദർഭങ്ങളിൽ ബോർഡിന് ദിവസ വേതന അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാവുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ബോർഡിൽ 28 ജീവനക്കാർ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. |
| 11 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ കരാർ/ദിവസവേതനാടിസ്ഥാനത്തിൽ ആരും തന്നെ ജോലി ചെയ്തു വരുന്നില്ല. |
| 12 | കേരള ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ് | 30 പേർ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. (കമ്പനി/കോർപ്പറേഷൻറെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ റാങ്ക് ലിസ്റ്റിൽ നിന്നുമാണ് കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയമിക്കുന്നത്. പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചതും പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടില്ലാത്തതുമാണ്.) |
| 13 | കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് | ബാധകമല്ല. |
| 14 | കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് | 8 പേർ |
| 15 | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ 11 ജീവനക്കാർ ജോലി നോക്കുന്നുണ്ട്. |
| 16 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ 7 ജീവനക്കാർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കി വരുന്നു |

**സെക്ഷൻ ഓഫീസർ**